(ബി) പ്രസ്തുത കാലയളവിൽ കേന്ദ്ര സഹായമായി എന്തുതുക ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ;

(സി) കേന്ദ്ര സഹായംകൂടി ലഭ്യമാക്കുമ്പോൾ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിനേക്കാൾ എത്ര ശതമാനം അധികമായിരിക്കും അടുത്ത വർഷത്തെ പദ്ധതി വിഹിതമെന്നാണ് കണക്കാക്കുന്നത് ;

(ഡി) ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, കൃഷി തുടങ്ങിയ മേഖലകളുടെ വികസനത്തിനായി എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അടുത്ത (2011-12) സാമ്പത്തിക വർഷത്തക്കുള്ള കരട് പദ്ധതി അടങ്കലായി 11030 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി&സി) 2011-12 വർഷത്തക്കുള്ള സംസ്ഥാന പദ്ധതിയുടെ ധനം നൽകുന്നതിനുള്ള രീതി (Scheme of Financing) അംഗീകരിച്ചുകൊണ്ടുള്ള അറിയിപ്പ് കേന്ദ്ര ആസൂത്രണ കമ്മീഷനിൽനിന്നു ലഭ്യമായാൽ മാത്രമേ ഇതുകണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി&ഇ) 2011-12 ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പ്രസ്തുത വിവരം ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

നടപ്പുവർഷത്തെ പദ്ധതിച്ചെലവ്

32 (40) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിനത്തിൽ ആദ്യ അർദ്ധ വാർഷിക പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിനത്തിൽ നാളിതുവരെയുള്ള ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പ് സാമ്പത്തികവർഷം കേന്ദ്ര പദ്ധതിയിനത്തിൽ ആദ്യ അർദ്ധവാർഷിക പദ്ധതി ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പ് സാമ്പത്തികവർഷം കേന്ദ്ര പദ്ധതിയിനത്തിൽ നാളിതുവരെയുള്ള ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷം സംസ്ഥാന പദ്ധതി ചെലവിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഞ്ചുവകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷം നാളിതുവരെ കേന്ദ്ര പദ്ധതിയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 60%-ൽ താഴെമാത്രം ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 25%.

(ബി) 43%.

(സി) 31%.

(ഡി) 51%.

(ഇ)

1. തുറമുഖവകുപ്പ്
2. ഭവന നിർമ്മാണവകുപ്പ്
3. സ്പോർട്സും യുവജനക്ഷേമവുംവകുപ്പ്
4. തൊഴിലും പുനരധിവാസവുംവകുപ്പ്
5. ആഭ്യന്തരവും വിജിലൻസുംവകുപ്പ്

(എഫ്)

1. കൃഷിവകുപ്പ്
2. സഹകരണ വകുപ്പ്
3. മത്സ്യബന്ധനവകുപ്പ്
4. വനവും വന്യജീവിയുംവകുപ്പ്
5. പൊതുവിദ്യാഭ്യാസവകുപ്പ്
6. ആരോഗ്യവും കുടുംബക്ഷേമവുംവകുപ്പ്
7. ഉന്നതവിദ്യഭ്യാസവകുപ്പ്
8. വ്യവസായവും വാണിജ്യവുംവകുപ്പ്
9. തൊഴിലും പുനരധിവാസവുംവകുപ്പ്
10. തദ്ദേശ സ്വയംഭരണവകുപ്പ്
11. റവന്യുവകുപ്പ്
12. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്
13. സാമൂഹ്യക്ഷേമവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly